# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **3605** **15.07.15** -ൽ മറുപടിക്ക്

## കടലാക്രമണത്തെ ചെറുക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. **പി.തിലോത്തമൻ** | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ കാലയളവിൽ കടലാക്രമണത്തെ അടിയന്തിരമായി ചെറുക്കുന്നതിന് കരിങ്കല്ല് ഇറക്കിയ ഇനത്തിൽ എത്ര രൂപ ചെലവായി എന്ന് വ്യക്തമാക്കാമോ ; ഇതിന്റെ കണക്ക് ജില്ലതിരിച്ച് ലഭ്യമാക്കാമോ ; | (എ) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു |
| (ബി) ചേർത്തല മണ്ഡലത്തിന്റെ തീരമേഖലകളിൽ കടലാക്രമണം ചെറുക്കുന്നതിന് എത്ര ലോഡ് കരിങ്കല്ലുകൾ വേണമെന്നാണ് മുൻ വർഷങ്ങളിൽ ഇറിഗേഷൻ എൻജിനിയറിംഗ് വിഭാഗം പറഞ്ഞിരുന്നതെന്ന് വ്യക്ത മാക്കാമോ ; അതുപ്രകാരമുള്ള കരിങ്കല്ലുകൾ ചേർത്തലയുടെതീരമേഖലകളിൽ ഇറക്കിയിരുന്നോ എന്ന് വ്യക്തമാക്കാമോ ; | (ബി) ചേർത്തല മണ്ഡലത്തിലെ തീര മേഖലകളിൽ കടലാക്രമണം ചെറുക്കുന്നതിന് ഇറക്കിയ കരിങ്കല്ലുകളുടെ വിശദ വിവരം വർഷം തിരിച്ച് താഴെ കൊടുക്കുന്നു .<br>2011- 12 - 1646 $M^3$<br>2012-13 - ഇല്ല<br>2013- 14 - 4798 $M^3$<br>2014-15 - 5798 $M^3$<br>2015-16 - 3910 $M^3$ |
| (സി) ആ ഇനത്തിൽ എത്ര രൂപയാണ് ചെലവായതെന്നും എത്ര ലോഡുകൾ ഇറക്കിയെന്നും പറയാമോ ; കല്ലിറക്കിയ ഇനത്തിൽ കോൺട്രാക്ടർമാർക്ക് നൽകാനുള്ള തുക പൂർണ്ണമായും നൽകി കഴിഞ്ഞോ ; | (സി) 3 കോടി 86 ലക്ഷം രൂപ കരിങ്കല്ലിറക്കിയ ഇനത്തിൽ ഇതുവരെ ചെലവായി. കരിങ്കല്ല് കുബിക് മീറ്ററിനാണ് അളക്കുന്നത്. 4 വർഷത്തിൽ ഇതുവരെ 16152 $M^3$ കരിങ്കല്ലുകൾ ഇറക്കിയിട്ടുണ്ട്. 2.425 കോടി രൂപ ഇനി കരാറുകാർക്ക് നൽകാനുണ്ട്. |

JSK/

| | | | |
|---|---|---|---|
| (ഡി) | കടലാക്രമണം ചെറുക്കുന്നതിന് കടൽ ഭിത്തി പോലുള്ള ശാശ്വതസംവിധാനങ്ങൾ ഒരുക്കാതെ താല്കാലിക സ്വഭാവത്തിൽ കല്ലിറക്കി മണ്ണിൽ താഴ്ത്തിക്കളയുന്ന സമ്പ്രദായം ശാസ്ത്രീയമാണോ എന്ന പരിശോധിച്ചിട്ടുണ്ടോ ;എല്ലാ വർഷവും ഇപ്രകാരം അടിയന്തര ജോലികളെന്ന പേരിൽ കല്ലിറക്കുന്ന നടപടികൊണ്ട് എത്രമാത്രം പ്രയോജനം ജനങ്ങൾക്കുണ്ടാകുന്നുവെന്നും എത്രമാത്രം സാമ്പത്തിക നഷ്ടം ഉണ്ടാകുന്നുവെന്നും പരിശോധിക്കാറുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഡി) | കടലാക്രമണമുണ്ടാകുന്ന പ്രദേശങ്ങളിൽ എല്ലായിടത്തും ശാശ്വതപരിഹാരമുണ്ടാകുന്ന തരത്തിൽ കടൽഭിത്തി/പുലിമുട്ട് നിർമ്മിക്കുക തന്നെയാണ് അഭികാമ്യം എന്നാൽ അതിനു വേണ്ടത്ര തുക ഒന്നിച്ച് വകയിരുത്താൻ കഴിയാറില്ല. എന്നാൽ രൂക്ഷമായ കടലാക്രമണം ഉണ്ടാകുന്ന പ്രദേശങ്ങളിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുക എന്നത് സർക്കാരിന്റെ ബാദ്ധ്യതയായതിനാൽ ജില്ലാ ഭരണകൂടത്തിന്റെയും ജനപ്രതിനിധികളുടെയും നിർദ്ദേശ പ്രകാരം അടിയന്തിര ഘട്ടങ്ങളിൽ റബിൾ മൗണ്ടുകൾ നിർമ്മിക്കാറുണ്ട്. തിരഞ്ഞെടുക്കപ്പെട്ട എം.എൽ.എ മാരുടേയും എം.പി യുടേയും വിവിധ രാഷ്ട്രീയ പാർട്ടികളുടേയും ജില്ലാ ഭരണ കൂടത്തിന്റേയും നിർദ്ദേശങ്ങളനുസരിച്ച് ജനങ്ങളുടെ ജീവനും വസ്തു വകകൾക്കും അടിയന്തിര സംരക്ഷണം നല്കുവാനും കൂടിയാണ് ടി പ്രവൃത്തികൾ ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

ഈ സർക്കാരിന്റെ കാലയളവിൽ കടലാക്രമണത്തിനെ അടിയന്തിരമായി ചെറുക്കുന്നതിന് കരിങ്കൽ ഭിത്തി നിർമ്മിക്കുന്നതിന് ചിലവായ തുക ജില്ല തിരിച്ച് താഴെ കൊടുക്കുന്നു:

| ക്രമ നമ്പർ | ജില്ല | ഇതുവരെ ചിലവായ തുക ലക്ഷത്തിൽ | അനുവദിച്ച തുക ലക്ഷത്തിൽ |
|---|---|---|---|
| 1 | തിരുവനന്തപുരം | 77.91 | 230.40 |
| 2 | കൊല്ലം | 137.71 | 260.72 |
| 3 | ആലപ്പുഴ | 1297.43 | 1310.00 |
| 4 | എറണാകുളം | 5.00 | 100.00 |
| 5 | തൃശ്ശൂർ | 240.38 | 316.69 |
| 6 | മലപ്പുറം | 44.70 | 302.95 |
| 7 | കോഴിക്കോട് | 176.62 | 235.97 |
| 8 | കണ്ണൂർ | 2.87 | 102.87 |
| 9 | കാസർഗോഡ് | 53.88 | 153.88 |
| | **ആകെ** | **2036.50** | **3013.48** |

സെക്ഷൻ ഓഫീസർ

JSK/